## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 333

15.03.2017 - ൽ മറുപടിക്ക്.

### വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് പദ്ധതികൾ

ചോദ്യം
സർവ്വശ്രീ. ഒ.ആർ. കേളു,
കെ. കുഞ്ഞിരാമൻ,
പി.ടി.എ.റഹീം,
പി.കെ. ശശി.

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് ;

എ) : സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന വിവിധ പുതിയ പദ്ധതികളെക്കുറിച്ച് താഴെപ്പറയുന്നു. : കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ് (ASHA) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. ബീഡി തൊഴിലാളികളുടെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബനാന ഫൈബർ, കളിമൺ വ്യവസായം, സ്ക്രൂപൈൻ, മറ്റ് പ്രകൃതിദത്ത നാരുകൾ, ബെൻമെറ്റൽ ഇടങ്ങിയ മേഖലകളിലെ തൊഴിലാളി ക്ഷേമത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നുണ്ട്. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ ഉത്പന്നങ്ങൾക്ക് അന്തർദേശീയ-ദേശീയ വിപണി കണ്ടെത്തുന്നതിന് വ്യാപാർ 2017 എന്ന ഒരു പദ്ധതി നടത്തി. കാർഷിക ഉത്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി അഗ്രോ ഫുഡ് പ്രൊ 2017 എറണാകുളത്ത്

സംഘടിപ്പിച്ചു. ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭക സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകി വരുന്നു. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉത്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികളും നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ വഴി ധനസഹായം നൽകി വരുന്നു.

കൈത്തറി വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് "സ്കൂൾ യൂണിഫോം പദ്ധതി". ഇപ്പോൾ ഈ പദ്ധതി പ്രകാരം ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് യൂണിഫോം സൗജന്യമായി നൽകുന്നത്. അടുത്ത വർഷം മുതൽ ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ഖാദി വ്യവസായ മേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ഖാദി ഗ്രാമം പദ്ധതി". ഖാദി വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം.

| | | | |
|---|---|---|---|
| (ബി) | വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുമോ ; | (ബി) : | വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് 50:50 അനുപാതത്തിൽ വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി ആയായിട്ടുണ്ട്. |
| (സി) | ഖാദി, കൈത്തറി, കാർഷികോത്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പരമ്പരാഗത ഭക്ഷണം, കലാരൂപങ്ങൾ തുടങ്ങിയവ | (സി) : | ഇങ്ങനെയൊരു പദ്ധതിയെക്കുറിച്ച് ആലോചിച്ചു വരുന്നു. |

പ്രദർശിപ്പിക്കുന്നതിന് മാമാങ്കം എന്ന പേരിൽ മേള സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) നെയ്ത്തുകാർ കൂടുതലായി താമസിക്കുന്ന മേഖലകളിൽ ഇന്റഗ്രേറ്റഡ് ഹാൻഡ്-ലൂം വില്ലേജ് പദ്ധതി നടപ്പാക്കുമോ ;

(ഡി) : ഇന്റഗ്രേറ്റഡ് ഹാൻഡ്-ലൂം വില്ലേജ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ചേന്ദമംഗലത്ത് ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(ഇ) ദേശിയ അന്തർദേശീയ വിപണികളിൽ മത്സരിക്കുവാൻ ഉല്പന്നങ്ങളെ പ്രാപ്തമാക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും നെയ്ത്തുകാർക്ക് പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) : ഉണ്ട്. കൈത്തറി മേഖലയിൽ "കേരള ഹാൻഡ്-ലൂംസ്" എന്ന ബ്രാൻഡ് ഡവലപ്പ് ചെയ്ത് 75 തരം കൈത്തറി ഉത്പന്നങ്ങളെ സ്റ്റാന്റേർഡൈസ് ചെയ്തിട്ടുണ്ട്. ഇതിന്റെ ലോഗോയും ബ്രാന്റ് നെയിമും കേന്ദ്ര സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

(എഫ്) വിനോദ സഞ്ചാരമേഖലയുമായി യോജിച്ച് ക്രാഫ്റ്റ് ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

(എഫ്) : ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിന്റെ കരകൗശല വസ്തുക്കളിൽ തെരഞ്ഞെടുത്തവ കേരള സുവനീറുകളായി നിശ്ചയിച്ച് നിശ്ചിത ഗുണനിലവാരം ഉറപ്പാക്കി മാർക്കറ്റ് ചെയ്യുന്നതിന് വിനോദ സഞ്ചാര മേഖലയുമായി യോജിച്ച് പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.